ശ്രീ പി. രാമുണ്ണിക്കുറുപ്പ്: ഈ അന്വേഷണം നടത്തിയതു വളരെ രഹസ്യമായിട്ടായിരുന്നുവെന്നും ഈ ആരോപണം ഇവിടെ ഉന്നയിച്ച മെമ്പർക്കു പോലും യാതൊരു മുന്നറിയിപ്പും കൊടുക്കാതെ സ്വന്തമായി ചില ആളുകളെ നിയോഗിച്ചു നടത്തിയതാണെന്നും അറിയുന്നതു ശരിയാണോ? ഉത്തരവാദപ്പെട്ട ആളുകളുമായി സഹകരിച്ചുകൊണ്ടു പരസ്യമായ ഒരന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ബഹുമാനപ്പെട്ട മെമ്പർക്കു വിവരം നൽകിയിരുന്നുവോ, ഇല്ലയോ എന്നുള്ളതിനെപ്പറ്റി എനിക്കു നിശ്ചയമില്ല. അന്വേഷണം പരസ്യമായിത്തന്നെയാണു നടത്തിയിരുന്നതു. എല്ലാ രാഷ്ട്രീയ പാർട്ടിയിലെയും ബന്ധപ്പെട്ട നിരവധി ആളുകളും തെളിവുകളും നൽകിയതായിട്ടാണു അറിയുന്നതു.

ശ്രീ. സി. അച്യുതമേനോൻ: അന്വേഷണഫലമായി ഈ ഉദ്യോഗസ്ഥൻ കുറക്കാരനാണെന്നുള്ള നിഗമനത്തിൽ എത്തുകയാണോ ചെയ്തിട്ടുള്ളതു?

ശ്രീ. കെ. കുഞ്ഞമ്പു: അദ്ദേഹത്തിന്റെ കുറ്റത്തെപ്പറ്റി അന്വേഷണം നടത്തുകയാണു. യാതൊരു നടപടിയും എടുത്തിട്ടില്ല.

ശ്രീ. ഓ. കോരൻ: ഈ വക കാര്യങ്ങളും അന്വേഷിക്കുന്നതായി എനിക്കു യാതൊരു മുൻ അറിയിപ്പും കിട്ടിയിട്ടില്ല. ഇങ്ങനെ അവിടെ അടിമക്കച്ചവടം നടത്തുന്ന കാര്യം പാനൂർ എഴുതിയതിൽനിന്നും മാത്രമല്ല തെളിയുന്നതു. ലേബർ കമ്മീഷണർ തുടങ്ങിയ പല പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ടു. അതുകൊണ്ടു അടിമ വ്യാപാരം നിറുത്തൽ ചെയ്യുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടു.

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ ലേഖനം എഴുതിയ ഗവണ്മെന്റു ഉദ്യോഗസ്ഥൻ മനുഷ്യസമുദായത്തിലെ ദുഷ്യവശം ചൂണ്ടിക്കാണിച്ചു. അതില്ലാതാക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ മനുഷ്യ സ്നേഹത്തോടുകൂടി ഇതു പ്രസിദ്ധീകരിച്ചതാണോ, അതോ ഗവണ്മെന്റിനു അപഖ്യാതി വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മനപൂർവ്വം പ്രസിദ്ധപ്പെടുത്തിയതാണോ എന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഏതായാലും കാൺഡക്റ്റു റൂൾ അനുസരിച്ചു അതു പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പു ഡിപ്പാർട്ടുമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ടിയിരുന്നു. അങ്ങനെ ചെയ്തിട്ടില്ല. അതിനെപ്പറ്റി ആലോചിച്ചു വരികയാണു.

എംപ്ലോയ്മെന്റു എക്സ്ചേഞ്ചുമുഖേനയുള്ള നിയമനം.

* 927 [17] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റു എക്സ്ചേഞ്ചുകളും മുഖേന നടത്തുന്ന നിയമനങ്ങളിൽ പട്ടികവർഗ്ഗ പട്ടികജാതിക്കാർക്കു ഉദ്യോഗ നിയമനത്തിലുള്ള റിസർവേഷന്റെ ആനുകൂല്യം പറയത്തക്കരീതിയിൽ കിട്ടുന്നില്ലെന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തെക്കുറിച്ചു അന്വേഷിക്കുന്നതിനും അവസ്ഥ പരിഹാരം കാണുന്നതിനും ആവശ്യമായ നടപടി ഉടനെ കൈക്കൊള്ളാൻ ദയവുണ്ടാകുമോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ഉണ്ടു.

(ബി) ആവശ്യമായ നടപടികളും എടുത്തുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റി എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു സബ് കമ്മിറ്റി രൂപീകരിക്കണമെന്ന തീരുമാനിച്ചതിനെപ്പറ്റി നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ: അങ്ങനെ ഒരു നിർദ്ദേശം ഉണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. ആർ. വിജയൻ: വ്യവസായ ശാലകളിൽ നിയമനങ്ങൾ നടത്തുന്ന അവസരത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും പേർ വരുത്തിക്കൊണ്ട് നിയമനം നടത്തണമെന്നുള്ള നിയമം കർശനമായി പാലിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ: സ്വകാര്യ വ്യവസായികൾ നടത്തുന്ന സ്ഥാപനങ്ങളിൽ ഈ നിയമം ശരിയായി പാലിക്കുന്നുണ്ടോ എന്നും സംവരണതത്വം ശരിയായി പാലിക്കുന്നുണ്ടോ എന്നൊന്നും പരിശോധിച്ചിട്ടില്ല. സർക്കാർ ഏറ്റെടുത്തു നടത്തുന്ന സ്ഥാപനങ്ങളിൽ അതിൻറെ ചുമതല ഗവണ്മെൻറുതന്നെ നിർവഹിക്കുന്നുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ ഇൻഫ്ളുവൻസ് ചെലുത്തുവാൻ കഴിവുള്ളവർക്ക് ജോലി ലഭിക്കുകയും അല്ലാത്തവർക്ക് പേരു പുതുക്കിക്കൊണ്ടിരിക്കുകയും ചെയ്യേണ്ട ഒരവസ്ഥയാണ് നിലവിലുള്ളതു്. രണ്ടും മൂന്നും കൊല്ലമായി പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഇതേവരെ ജോലി ലഭിക്കാതിരിക്കുകയും രജിസ്റ്റർ ചെയ്ത ഉടനെതന്നെ ജോലി ലഭിക്കുന്ന ചിലരും ഉണ്ട്. ഈ സംപ്രദായം മാറ്റുന്നതിലേക്കു പ്രയാറിട്ടി അനുസരിച്ചു അഡ്വൈസ് ചെയ്യാൻ കർശനമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ: കർശനമായ നടപടി ഇപ്പോൾതന്നെ സ്വീകരിച്ചിട്ടുണ്ട്. ചിലപ്പോൾ രണ്ടുമൂന്നും കൊല്ലമായി രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകൾക്ക് ആവശ്യപ്പെട്ട തൊഴിലുനൽകുന്നതിനു് ആവശ്യമായ യോഗ്യത കാണുകയില്ല. ആ യോഗ്യത കുറഞ്ഞകാലത്തു രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് കാണുകയും ചെയ്യും. അതിൻറെ അടിസ്ഥാനത്തിൽ ചിലപ്പോൾ ഇങ്ങനെ സംഭവിക്കാറുണ്ട്. മറ്റുള്ള സന്ദർഭത്തിൽ പ്രയാറിട്ടി അനുസരിച്ചാണ് കൊടുക്കുന്നതു്.

ശ്രീ. ടി. കൃഷ്ണൻ: ഗവണ്മെൻറ് വ്യവസായ സ്ഥാപനങ്ങളിൽ ചില സ്ഥലത്തു ഉദ്യോഗസ്ഥന്മാരായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ ഒരു കമ്മറ്റി സംഘടിപ്പിച്ചു, ആ കമ്മറ്റി ആളുകളെ തെരഞ്ഞെടുക്കുന്നുണ്ട്. എല്ലായിടത്തും ഈ മാതിരി ഉദ്യോഗത്തിനു ആളുകളെ നിയമിക്കുന്നതിനു വേണ്ട വ്യവസ്ഥചെയ്യുമോ?

ശ്രീ. കെ. ടി. അച്യുതൻ: അതൊരു നിർദ്ദേശമാണ്. പരിശോധിച്ചു വേണ്ട തീരുമാനം എടുക്കാം.

എക്സ് സർവ്വീസ്മെൻ റിസെറ്റിൽമെൻറ് നടപടികൾ †

* 928. [18] ശ്രീ. പാറയിൽ ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എക്സ്-സർവ്വീസുമെൻ റിസെറ്റിൽമെൻറിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) 1963-64 Financial year-ൽ (1963 ഡിസംബർ അവസാനം വരെ) ഇതിലേക്ക് എത്ര തുക ചെലവഴിച്ചു?

† Put by Shri K. K. Viswanathan.

LIBRARY ARCHIVES Kerala Legislative Assembly